# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 — 02.12.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനം ഇപ്പോൾ നേരിടുന്ന വൈദ്യുതി പ്രതിസന്ധിയുടെ കാരണങ്ങൾ എന്തൊക്കെയാണെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതിനുള്ള സ്ഥാപിതശേഷിയുടെ കുറവും പുറമേ നിന്ന് സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷിക്കുറവുമാണ് ഇപ്പോഴത്തെ വൈദ്യുതി പ്രതിസന്ധിയുടെ കാരണം. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി, ട്രേഡർമാർ മുഖേന പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതി, പവർ എക്സ്ചേഞ്ചിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതി എന്നിവ വാങ്ങാറുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങൾ വേണ്ടെന്നു വയ്ക്കുന്ന കേന്ദ്ര വൈദ്യുതി വിഹിതവും ഉപയോഗപ്പെടുത്താറുണ്ട്. ഇപ്രകാരം വൈദ്യുതി ലഭ്യമാക്കിയാലും സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി പവർഗ്രിഡ് കോർപ്പറേഷൻ നിർമ്മിക്കുന്ന രണ്ട് പ്രധാന അന്തർസംസ്ഥാന ലൈനുകളായ മൈസൂർ-അരിക്കോട്, ഇടമൺ-കൊച്ചി എന്നിവയുടെ നിർമ്മാണം റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ മൂലം തടസ്സപ്പെട്ടിരിക്കുന്നതിനാൽ വൈദ്യുതി എത്തിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡും, സംസ്ഥാന സർക്കാരും വിവിധ തലങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും തൽഫലമായി നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) ഇപ്പോൾ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉല്പാദനവും ഉപഭോഗവും എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) 2014 നവംബർ മാസത്തെ (26.11.2014 വരെ) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 59.34 ദശലക്ഷം യൂണിറ്റും |

സംസ്ഥാനത്തിന്റെ (കെ.എസ്.ഇ.ബി. ലിമിറ്റഡ്) ആഭ്യന്തര ഉത്പാദനം ശരാശരി 19.78 ദശലക്ഷം യൂണിറ്റുമാണ്. കൂടാതെ സംസ്ഥാനത്തിനുള്ളിലുള്ള സ്വകാര്യ ഉത്പാദകരിൽ നിന്നും 5.46 ദശലക്ഷം യൂണിറ്റും ലഭിക്കുന്നുണ്ട്. ബാക്കി ആവശ്യകത നിറവേറ്റുന്നത് കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന 26.29 ദശലക്ഷം യൂണിറ്റും പവർ എക്സ്ചേഞ്ച് അടക്കമുള്ള സ്രോതസ്സുകളിൽ നിന്നും താൽക്കാലികമായി വാങ്ങുന്ന 7.82 ദശലക്ഷം യൂണിറ്റും (ശരാശരി) ഉപയോഗിച്ചാണ്.

(സി) ഇടമൺ - കൊച്ചി, മൈസൂർ - അരീക്കോട് ലൈനുകൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(സി) 400 കെ.വി. ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം കർഷകരുടെ എതിർപ്പുമൂലമാണ് തടസ്സപ്പെട്ടിരിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പ്രസ്തുത ലൈൻ റൂട്ടിലേയ്ക്കായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും PGCIL ന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും ഉദ്യോഗസ്ഥരും ചേർന്ന് ചർച്ചകൾ നടത്തി വരുന്നു.

400 കെ.വി മൈസൂർ അരിക്കോട് ലൈനിന്റെ കേരളത്തിനകത്തുള്ള നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്തെ കർഷകരുടെ എതിർപ്പുമൂലം ആ ഭാഗത്തെ ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇതു പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA), ദക്ഷിണ മേഖലാ ഊർജ്ജ സമിതി (SRPC) തുടങ്ങിയ ഫോറങ്ങളിലും, ചർച്ചകൾ നടന്നു വരുന്നു. ഈ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കർണ്ണാടക സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ.**